**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 68** — **18-09-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലയിലെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി കെ. കെ. രമ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ആദിവാസി മേഖലയിൽ താമസിക്കുന്നവരുടെ അടിയന്തര ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | **സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിന് പട്ടികവർഗ്ഗ വികസന വകുപ്പ് പ്രഥമ പരിഗണനയാണ് നൽകിവരുന്നത്. പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസംരക്ഷണത്തിനായി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.**<br><br>• **സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി**<br><br>**സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം**<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധി**<br><br>**ജനനീ ജന്മരക്ഷാ പദ്ധതി**<br><br>**ട്രൈബൽ പാരാമെഡിക്സ് പദ്ധതി**<br><br>**കാറ്റാടി പദ്ധതി**<br><br>**മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ**<br><br>**ഒ.പി. ക്ലിനിക്കുകളും ആയുർവ്വേദ ഡിസ്പെൻസറികളും**<br><br>**ഊരിന്റെ താരാട്ട്**<br><br>**ആംബുലൻസ് സേവനം**<br><br>**ട്രൈബൽ ഹെൽത്ത് & ന്യൂട്രീഷൻ കൺസൾട്ടന്റ്**<br><br>**ഇതു കൂടാതെ പോഷകാഹാര ലഭ്യത ഉറപ്പു വരുത്തുന്നതിനായി ഫുഡ് സപ്പോർട്ട് പ്രോഗ്രാം കൂടി നടപ്പിലാക്കി വരുന്നു.** |

| | | | |
|---|---|---|---|
| (ബി) | ഇടുക്കി ഇടമലക്കുടിയിൽ പനിപിടിച്ച് അവശനായതിനെ തുടർന്ന് 10 കിലോമീറ്റർ ചുമന്ന് ആശുപത്രിയിലെത്തിച്ച കുഞ്ഞ് മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | **ഉണ്ട്. ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ഇടമലക്കുടി കൂടല്ലാർകുടിയിലെ മൂർത്തി-ഉഷ ദമ്പതികളുടെ 5 വയസ്സുള്ള കാർത്തി എന്ന കുട്ടിക്ക് പനി, വയറിളക്കം, തലവേദന എന്നിവ ബാധിച്ചതിനെ തുടർന്ന് ആദ്യം മാങ്കുളത്തുള്ള സ്വകാര്യ ആശുപത്രിയിൽ ചികിത്സയ്ക്കായി പ്രവേശിപ്പിക്കുകയും തുടർന്ന് രോഗനില കൂടുതലായതിനാൽ അടിമാലി താലൂക്ക് ആശുപത്രിയിലേക്ക് കൊണ്ടുപോകും വഴി കുട്ടി മരണപ്പെടുകയുമാണുണ്ടായത്.** |
| (സി) | ഇടമലക്കുടി അടക്കമുള്ള ആദിവാസി മേഖലകളിൽ താമസിക്കുന്നവരുടെ അടിയന്തര ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | **പട്ടികവർഗ്ഗ മേഖലയിൽ ഉള്ളവരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നിരന്തരമായ ഇടപെടൽ നടത്തുകയും ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒ.പി.ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ആരോഗ്യ വകുപ്പിന്റെ പ്രൈമറി ഹെൽത്ത് സെന്റർ എന്നിവ മുഖേന നടത്തിവരുന്ന മെഡിക്കൽ ക്യാമ്പുകളിൽ കൃത്യമായ പരിശോധന നടത്തി ആവശ്യമായ മരുന്നുകൾ ഉന്നതികളിൽ വിതരണം ചെയ്യുന്നുണ്ട്. പരിശോധനകളിൽ അവപോഷണം നേരിടുന്നവർക്ക് ഡോക്ടർ നിർദ്ദേശിക്കുന്നതനുസരിച്ച് പ്രത്യേക പോഷകാഹാര കിറ്റുകൾ എത്തിച്ചു നൽകുന്നു.** |

സെക്ഷൻ ഓഫീസർ